**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 486** | **17-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ സഹകരണ ഡേറ്റാ ബേസിന് പുറമേ പഞ്ചായത്ത്, ഗ്രാമ തലങ്ങളിലെ സഹകരണ സംഘങ്ങളുടെ രാജ്യവ്യാപക മാപ്പിംഗ് കേന്ദ്ര സർക്കാർ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്ര സഹകരണ മന്ത്രാലയത്തിനു കീഴിൽ രാജ്യത്ത് എല്ലാ മേഖലകളിലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിവരശേഖരണത്തിനായി National Co-operative Database വികസിപ്പിക്കുകയും, ഡാറ്റാ കളക്ഷനായി സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ/ വെബ് ഫോം തയ്യാറാക്കുകയും, Phase I Data collection ലൂടെ എല്ലാ സംസ്ഥാനങ്ങളിലും/ കേന്ദ്ര ഭരണ പ്രദേശങ്ങളിലും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ക്ഷീര സഹകരണസംഘങ്ങൾ, മത്സ്യ സഹകരണ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങളും, ഫങ്ഷണൽ സ്റ്റാറ്റസും, മാപ്പിംഗുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സഹകരണസംഘത്തിന്റെ പേര്, രജിസ്ട്രേഷൻ നമ്പർ, രജിസ്റ്റർ ചെയ്ത തീയതി, രജിസ്ട്രേഷൻ അധികാരി, സംഘം സെക്രട്ടറി/ President ന്റെ പേര്, തസ്തിക, ഫോൺ നമ്പർ, ഇ-മെയിൽ ID മുതലായ അടിസ്ഥാന വിവരങ്ങളും, സംഘത്തിന്റെ മാപ്പിംഗുമായി ബന്ധപ്പെട്ട ലോക്കേഷൻ വിവരങ്ങളിൽ സംസ്ഥാനം, ജില്ല, റൂറൽ/അർബൻ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്, വില്ലേജ്, പ്രവർത്തന പരിധി മുതലായവയും, ഫങ്ഷണൽ സ്റ്റാറ്റസുമായി ബന്ധപ്പെട്ട വിവരങ്ങളും നാഷണൽ ഡാറ്റാ ബേസിലൂടെ കേന്ദ്ര സഹകരണ മന്ത്രാലയം ശേഖരിച്ചിട്ടുണ്ട്.<br><br>സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൻകീഴിൽ വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വിവരങ്ങൾ സഹകരണസംഘം രജിസ്ട്രാർ ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സഹകരണ സ്ഥാപനങ്ങൾക്കായി മാതൃകാ ബൈലോകൾ കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; അത് പ്രകാരം സഹകരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന ബിസിനസ് പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സഹകരണ സ്ഥാപനങ്ങൾക്കായി കേന്ദ്ര സർക്കാർ മാതൃകാ ബൈലോ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബൈലോയിൽ അടിസ്ഥാന സൗകര്യ വികസനം, കമ്മ്യൂണിറ്റി സെന്റർ, ഹോസ്പിറ്റൽ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഭക്ഷ്യധാന്യ സംഭരണം, ന്യായവില ഷോപ്പുകൾ, വിവിധ സർക്കാർ പദ്ധതികൾ, എൽ.പി.ജി/ പെട്രോൾ/ ഡീസൽ എന്നിവയുടെ ഡീലർഷിപ്പ്/ഏജൻസി മുഖേനയുള്ള വിൽപ്പന, ഗ്രീൻ എനർജി/ഫാം, വീട്ടുപകരണങ്ങൾ, ഫാം മെഷനറീസ്, നൈപുണ്യ വികസനത്തിനായി അംഗങ്ങൾക്ക് പരിശീലനം തുടങ്ങിയ സേവനങ്ങൾ അല്ലെങ്കിൽ ബിസിനസ് പ്രവർത്തനങ്ങൾ ഏർപ്പെടുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | കേരളം പോലുള്ള സംസ്ഥാനങ്ങളിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ സ്വതന്ത്ര സഹകരണ ബാങ്കുകളായി പ്രവർത്തിക്കുന്നത് തടസ്സപ്പെടാൻ കേന്ദ്ര സർക്കാരിന്റെ പുതിയ നിയന്ത്രണം ഇടയാക്കുമോ; വിശദമാക്കാമോ? | (സി) | 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3 പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരം bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കുവാൻ RBI ലൈസൻസ് ഇല്ലാത്ത സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുകയില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>RBI ലൈസൻസോടെ പ്രവർത്തിക്കുന്ന KSCB, അർബൻ സഹകരണ ബാങ്കുകൾ എന്നിവ കൂടാതെ സംസ്ഥാനത്ത് നിലവിൽ സർവ്വീസ് സഹകരണ ബാങ്കുകൾ എന്ന പേരിൽ പ്രവർത്തിച്ചു വരുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ചില പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ എന്നിവ അവയുടെ പേരിൽ ബാങ്ക് എന്ന പദം ഉപയോഗിച്ച് വരുന്നുണ്ട്. ആയതിനാൽ ടി സ്ഥാപനങ്ങൾ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക്' എന്ന പദം ഒഴിവാക്കുകയും ചെക്ക് ഉൾപ്പെടെയുള്ള സംവിധാനം നൽകുന്നുണ്ടെങ്കിൽ ആയത് നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പേരിന്റെ ഭാഗമായി ബിസിനസ്സിന്റെ ഭാഗമായോ bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കരുത് എന്ന് ചൂണ്ടിക്കാട്ടിയും, Non-members, Nominal members/Associate members എന്നിവരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കരുതെന്ന് നിഷ്കർഷിച്ചും RBI കത്ത് നൽകിയിട്ടുണ്ട്. |

കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. അതിനാൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ നിയന്ത്രിക്കുന്നതിനായി യാതൊരു സംവിധാനങ്ങളും നിലവിലില്ല. പ്രസ്തുത സംഘങ്ങൾ ഒരു മാനദണ്ഡവുമില്ലാതെ നിക്ഷേപം സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുന്നു.

താഴെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് നിയമം പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ളത്.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഇലക്ഷൻ നടത്തുന്നതിന് ഒരു കോ-ഓപ്പറേറ്റീവ് ഇലക്ഷൻ അതോറിറ്റി രൂപീകരിക്കുന്നതിന് ബിൽ വിഭാവനം ചെയ്യുന്നു.
2. സൊസൈറ്റികളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര വേദി രൂപീകരിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു.
3. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ രണ്ടായി പിരിക്കുന്നതിനും രണ്ട് സംഘങ്ങളെ സംയോജിപ്പിക്കുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.
4. നിർജീവാവസ്ഥയിലുള്ള സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ഒരു ഫണ്ട് രൂപീകരിക്കാൻ പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു.

മേൽ പരിഷ്കാരങ്ങളിലൂടെ സഹകരണ രംഗത്ത് ഒരു സമാന്തരപാത വെട്ടിത്തുറക്കുന്നതിനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. ഇത് നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും അശാസ്ത്രീയ മത്സരത്തിനും വഴിയൊരുക്കുന്നതുമാണ്.

- രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര സർവ്വറിലേയ്ക്ക് അപ് ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാർ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത ബൈലോ നടപ്പിലാക്കുന്നതിനു വേണ്ടി ഒരു ബൈലോ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ ബൈലോ തയ്യാറാക്കാൻ അധികാരമുള്ളൂ. അതിനാൽ ഇത്തരം നീക്കങ്ങൾ സഹകരണ തത്വങ്ങൾക്ക് വിരുദ്ധമാണ്.
- കേന്ദ്ര സർക്കാർ സഹകരണ മേഖലയിലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് ദേശീയതലത്തിൽ 3 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി
2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി
3. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

എന്നിവയാണ് രൂപീകരിക്കാൻ തീരുമാനിച്ച പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിൽ ആക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.

സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ഭരണഘടന നിഷ്കർഷിക്കുകയും സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പേരിൽ സ്ഥാപനങ്ങൾ ആരംഭിച്ച് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ നിയമപരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സമീപനങ്ങളെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ